

# കമ്മ്യൂണിറ്റി കിച്ചണുകൾ

കൊറോണ വൈറസ് വ്യാപനത്തിനെതിരേയുള്ള കേരളത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങളിലെ ഒരു നിർണ്ണായക ഘടകമാണ് കമ്മ്യൂണിറ്റി കിച്ചണുകൾ. ലോക് ഡൗൺ ആരംഭിച്ച ശേഷം ആദ്യ ദിനങ്ങളിൽ തന്നെ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ സംയോജനത്തോട് കൂടി കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കാനുള്ള നിർദ്ദേശം സർക്കാർ (സ.ഉ.(സാധാ) നം.713/2020/ത.സ്വ.ഭ.വ) പുറപ്പെടുവിച്ചിരുന്നു.

കേരളത്തിലെ എല്ലാ ജില്ലാ കളക്ടർമാരുടെ ഏകോപനവും തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടെ നേതൃത്വ മികവും കുടുംബശ്രീ ടീമിന്റെ സഹകരണവും ചേർന്നപ്പോൾ ആദ്യ ആഴ്ചയിൽ തന്നെ 1304 ഓളം കമ്മ്യൂണിറ്റി കിച്ചണുകളാണ് ആരംഭിക്കാനായത്. ഇതിൽ 1072 കമ്മ്യൂണിറ്റി കിച്ചണുകളും കുടുംബശ്രീ സംയോജനത്തോടെയാണ് നടത്തുന്നത്. ശേഷിക്കുന്നവ അതാത് തദ്ദേശ സ്ഥാപനങ്ങൾ നേരിട്ടോ എൻജിഒകൾ വഴിയോയാണ് നടത്തുന്നത്.

കമ്മ്യൂണിറ്റി കിച്ചണുകളിലൂടെ ആവശ്യക്കാർക്ക് സൗജന്യ ഭക്ഷണം നൽകുന്നതിന്റെ ചെലവ് തദ്ദേശ സ്ഥാപനങ്ങൾ പൂർണ്ണമായി വഹിക്കുകയാണ്. സ്പോൺസർഷിപ്പിലൂടെ

യോ തനത് ഫണ്ടിലൂടെയോ അല്ലെങ്കിൽ പ്ലാൻ ഫണ്ടിലൂടെയോ ഇതിനുള്ള ചെല വ് വഹിക്കാനുള്ള നിർദ്ദേശമാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്നത്. ന ിർദ്ധനർ, അഗതി കുടുംബാംഗങ്ങൾ, കിടപ്പു രോഗികൾ, ഭിക്ഷാടകർ തുടങ്ങിയവർക്കാണ് ഭക്ഷണം സൗജന്യമായി നൽകാൻ സർക്കാർ നിർദ്ദേശം നൽകിയിരിക്കുന്നത്. ഇത് കൂടാതെ ആവശ്യക്കാർക്ക് 20 രൂപ നിരക്കിലും കമ്മ്യൂണിറ്റി കിച്ചണുകളിൽ നിന്ന് ഭക്ഷണം ലഭിക്കുന്നു. ആവശ്യക്കാർക്ക് വീടുകളിലും എത്തിച്ച് നൽകുന്നു.

ഏപ്രിൽ 14 ലെ കണക്ക് അനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിലെ 1020 കമ്മ്യൂണിറ്റി കിച്ച ണുകളും നഗരപ്രദേശങ്ങളിലെ 223 കമ്മ്യൂ ണിറ്റി കിച്ച ണുകളും ഉൾപ്പെടെ ആകെ 1243 കമ്മ്യൂണിറ്റി കിച്ചണുകളാണ് പ്രവർത്തിച്ചത്. ഗ്രാമപഞ്ചായത്തുകളിലെ 1020 കമ്മ്യൂണിറ്റി കിച്ചണുകൾ വഴി അന്നേദിനം (ഏപ്രിൽ 14) ആകെ 1,26,162 പേർക്ക് ഭക്ഷണം നൽകി. ഇതിൽ 1,13,385 പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്. നഗരപ്രദേശങ്ങളിൽ നിന്നുള്ള കമ്മ്യൂണിറ്റി കിച്ചണുകൾ വഴി അന്ന് 1,04,778 പേർക്ക് ആകെ ഭക്ഷണം നൽകി. ഇതിൽ 95,361 പേർക്ക് സൗജന്യമാ യാണ് ഭക്ഷണം നൽകിയത്.

കമ്മ്യൂണിറ്റി കിച്ചണുകളുടെ പ്രവർത്ത നം ആരംഭിച്ചത് മുതൽ ഓരോ ദിവസവു മുള്ള വിശദാംശങ്ങൾ കുടുംബശ്രീയുടെ വെബ്സൈറ്റിൽ http://kudumbashree.org/pages/826 എന്ന ലിങ്കിൽ ലഭ്യമാണ്